# കർണാടകയെക്കുറിച്ച ആശങ്കകൾ

**എസ്.ഐ.ഒ** തുംകൂർ ജില്ലയുടെ (കർണാടക സ്റ്റേറ്റ്) സമ്മേളനം നടത്താനുദ്ദേശിച്ച് വിവിധതലങ്ങളിലെ ആളുകളുമായി ബന്ധപ്പെട്ടു. ചിലയിടങ്ങളിൽനിന്ന് എതിർപ്പുകളുണ്ടായി. എങ്കിലും 'Be united against terrorism' എന്ന തലക്കെട്ടിൽ ഏപ്രിൽ 5-ന് ജില്ലയിൽ ഒരു പൊതുപരിപാടി സംഘടിപ്പിക്കാൻ തീരുമാനിച്ചു. ജില്ലാ ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ടിലാണ് പരിപാടി നിശ്ചയിച്ചത്. പെർമിഷന് പലരെയും കണ്ടു. തുംകൂർ ജില്ലാ കമീഷണറെ പോഗ്രാമിലേക്ക് ക്ഷണിക്കാൻ വേണ്ടി എസ്.ഐ.ഒ പ്രതിനിധി സംഘം കമീഷണറുടെ ഓഫീസിലേക്ക് ചെന്നു. പെർമിഷന്റെ ചെറിയ പ്രശ്നമുള്ളതുകൊണ്ട് അത് ശരിയാക്കുക എന്നതുകൂടി സംഘത്തിന്റെ ദൗത്യമായിരുന്നു. ജില്ലാ ഗ്രൗണ്ടിൽ ഇന്നേവരെ ഒരു മുസ്‌ലിം സംഘടനയുടെയും പരിപാടി സംഘടിപ്പിച്ചിട്ടില്ല. അതിനാൽതന്നെ പെർമിഷൻ ലഭിക്കുന്നത് ദുഷ്കരമായിരുന്നു.

ബീഹാരിയായ കമീഷണർ നല്ല മനസ്സുള്ള ആളായിരുന്നു. മാന്യമായി സംസാരിച്ച അദ്ദേഹം പ്രോഗ്രാമിനെക്കുറിച്ച് വിശദീകരണം തേടി. പ്രോഗ്രാം നീട്ടിവെക്കാൻ അഭ്യർഥിച്ച അദ്ദേഹം അതിന് പറഞ്ഞ കാരണങ്ങളിൽ ഒന്ന്, കർണാടകയിൽ നടന്നുകൊണ്ടിരിക്കുന്ന അക്രമസംഭവങ്ങളാണ്. രണ്ട്, അടുത്തുകൊണ്ടിരിക്കുന്ന തെരഞ്ഞെടുപ്പ്. അദ്ദേഹത്തോട് തുംകൂറിനെപ്പറ്റി പറയാൻ ശ്രമിച്ചു. തുടങ്ങും മുമ്പേ അദ്ദേഹം പറഞ്ഞു: "വൃത്തികെട്ട സമൂഹം എല്ലായിടത്തും കാണും. ഇവറ്റകൾക്ക് സ്ഥലങ്ങളൊന്നും പ്രശ്നമല്ല. കർണാടകയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സംഘടനയുടെ വിസിറ്റിംഗ് കാർഡ് കാണിച്ചുകൊണ്ടാണ് അദ്ദേഹം അത് പറഞ്ഞത്. ചെറിയൊരു പ്രശ്നം മതി, എല്ലാം തകിടംമറിയും. നിങ്ങൾ ഇപ്പോൾ ഇറങ്ങിപ്പോയ ആളുകളെ ശ്രദ്ധിച്ചോ? അവർക്ക് ഞാൻ പെർമിഷൻ നൽകിയില്ല. പിന്നെങ്ങനെ നിങ്ങൾക്ക് പെർമിഷൻ നൽകും. അതൊരു വർഗീയ പ്രശ്നമായി മാറും."

അദ്ദേഹം ഒരുപാട് ഉപദേശങ്ങൾ തന്നു: "എനിക്ക് ജമാഅത്തെ ഇസ്‌ലാമിയെയും എസ്.ഐ.ഒവിനെയും നന്നായറിയാം. നിങ്ങൾ നല്ലവരാണ്. പക്ഷേ, മുസ്‌ലിം സമൂഹം എന്തിനാണ് ഇത്രയേറെ വിഭാഗങ്ങളായി മാറുന്നത്. ഞാൻ ബീഹാരിയാണ്. ലാലു പ്രസാദ് യാദവിന്റെ അടുത്ത സുഹൃത്താണ്. നിങ്ങൾ ഈ സമൂഹത്തെ ഒറ്റക്കെട്ടായി നിർത്തണം.'' അദ്ദേഹത്തിന്റെ അഭ്യർഥന മാനിച്ച് പ്രോഗ്രാം നീട്ടിവെക്കുകയുംചെയ്തു.

അദ്ദേഹം അനുവാദം നൽകാതിരുന്നതിന്റെ പ്രധാന കാരണം, മാറിക്കൊണ്ടിരിക്കുന്ന കർണാടകയിലെ വർഗീയത തന്നെയാണ്. അടുത്ത കാലത്തായി കർണാടകയിലെ പലയിടങ്ങളിലും മുസ്‌ലിംകൾക്കെതിരെയും ക്രിസ്ത്യാനികൾക്കെതിരെയും അക്രമങ്ങൾ അരങ്ങേറുന്നു. ചർച്ചിന് നേരെയുണ്ടായ ആക്രമണങ്ങൾ ചർച്ചാവിഷയമായി. പക്ഷേ, മുസ്‌ലിംകൾക്ക് നേരെയുള്ള അക്രമങ്ങൾ മൂടിവെക്കപ്പെടുന്നു. ഇലക്ഷൻ ഐഡന്റിറ്റി കാർഡ് നൽകുന്നതിലും മുസ്‌ലിംകളെ അവഗണിക്കുകയാണ്. എസ്.ഐ.ഒ നടത്തിയ അന്വേഷണത്തിൽ തുംകൂർ ജില്ലയിൽ പലയിടങ്ങളിലും മുസ്‌ലിംകളുടെ പേരുകൾ വോട്ടേഴ്സ് ലിസ്റ്റിൽനിന്ന് വെട്ടിമാറ്റുകയാണ്. പുതിയ പേരുകൾ ചേർക്കുന്നുമില്ല.

ചില പ്രദേശങ്ങളിൽ മുസ്‌ലിം പള്ളികൾക്കും വീടുകൾക്കും നേരെ ആക്രമണം നടക്കുന്നു. ഗുബ്ബി, മംഗലാപുരം, കുനിഗൽ, തുംകൂർ, സിറാ എന്നിവിടങ്ങളിൽ മുസ്‌ലിം വീടുകൾ നശിപ്പിക്കപ്പെട്ടു. ഇതിനെതിരെ നിയമനടപടിപോലും ഉണ്ടാവുന്നില്ല. ചിലയിടങ്ങളിൽ ജില്ലാ ഭരണകൂടം ചിലതു ചെയ്യാൻ ശ്രമിക്കുന്നു. പക്ഷേ, മുകളിൽനിന്നുള്ള ഉത്തരവ് അതിന് തടസ്സമാവുകയാണ്. ആക്രമണങ്ങൾക്ക് എതിരെ ഒറ്റക്കെട്ടായി നീങ്ങാൻ ആരും തയാറാവുന്നില്ല. മുസ്‌ലിം സമൂഹത്തിലെ ആഭ്യന്തര ഭിന്നത വർധിക്കുകയാണ്. പള്ളികളിൽ പോലും പ്രശ്നങ്ങളാണ്. മറ്റു ഇസ്‌ലാമിന്റെ അടിസ്ഥാന തത്ത്വങ്ങളൊന്നും അവർക്ക് ബാധകമല്ല. അവർക്ക് ഏറ്റവും വലിയ ജിഹാദ് തൊപ്പി ധരിക്കലും താടി നീട്ടി വളർത്തലുമാണ്. ഇതുംകഴിഞ്ഞ് വല്ല മഖ്ബറയിലും പോയി ചടഞ്ഞിരുന്നാൽ ഇസ്‌ലാം പൂർണം.

കർണാടകയിലെ മുസ്‌ലിം സഹോദരങ്ങളുടെ അവസ്ഥ പരിതാപകരമായി മാറുകയാണ്. ഓരോ ദിവസം കഴിയുന്തോറും അക്രമങ്ങൾ വർധിക്കുന്നു. ബി.ജെ.പി സർക്കാർ ഇതിന് വളംവെച്ചുകൊടുക്കുകയാണ്. അക്രമം നടക്കുന്നത് ഉത്തരവാദപ്പെട്ടവർ അറിഞ്ഞുകൊണ്ട് തന്നെയാണ്. പോലീസിന്റെ പിന്തുണയും ലഭിക്കുന്നു. മാത്രമല്ല മുസ്‌ലിം സംഘടനകളെയും അതിലെ മെമ്പർമാരെയും അവർ ടാർഗറ്റ് ചെയ്യുന്നു. ഇന്റലിജൻസ് ബ്യൂറോയും അവർക്ക് കൂട്ടുണ്ട്. എസ്.ഐ.ഒ അടുത്ത കാലത്തായി തുംകൂറിൽ ശക്തമായി പ്രവർത്തിച്ചുവരികയാണ്. എല്ലാ കാര്യങ്ങളിലും ശക്തമായി ഇടപെടുന്നു. അതിനാൽതന്നെ ഇന്റലിജൻസ് ബ്യൂറോവിന്റെ ഒരുപാട് വിളികളും മറ്റു ചിലയിടങ്ങളിൽനിന്ന് ഭയപ്പെടുത്തലുകളും ഉണ്ടാവുന്നു. മാസങ്ങൾക്കുമുമ്പ് എസ്.ഐ.ഒ സോണൽ പ്രസിഡന്റിനെ തട്ടിക്കൊണ്ടുപോയി. ഉത്തരവാദപ്പെട്ടവർക്ക് ഒരു വിവരവും നൽകിയില്ല. മണിക്കൂറുകളോളം അദ്ദേഹത്തെ ചോദ്യംചെയ്തു. വേറെയും അനുഭവങ്ങളുണ്ടാകാം. കർണാടകയിലെ ഈ അവസ്ഥ വലിയ ആശങ്കയാണുയർത്തുന്നത്.

**എ. മിസ്അബ് തുംകൂർ**
misu20@gmail.com




## ചുരുക്കെഴുത്ത്

**'ഡാർവിനിസത്തിന്** പിന്നിൽ' എന്ന നാദിറ അമീറിന്റെ കത്തിന് അഭിനന്ദനങ്ങൾ. പരമ്പരാഗതവും വാർപ്പ് മാതൃകയിലുമുള്ള അന്വേഷണങ്ങളുടെയും ഗവേഷണങ്ങളുടെയും മുനയൊടിക്കുന്ന വീക്ഷണമാണ് നാദിറ അമീറിന്റെ ഡാർവിനെ പറ്റിയുള്ള നിരീക്ഷണം. ഇത്തരത്തിലുള്ള പുതിയ അന്വേഷണങ്ങൾക്കും ഗവേഷണങ്ങൾക്കും പ്രാധാന്യം നൽകുന്ന *പ്രബോധന*ത്തിന് അഭിനന്ദനങ്ങൾ.

**ഡോ. മുഹമ്മദ് അസ്‌ലം വടകര**

# ബീഹാറിലെ വിവാഹവും വീടുകളും

**ഗ്രാമോത്സവമായി** മാറിയ ബീഹാറിലെ സമൂഹ വിവാഹത്തെക്കുറിച്ച് പ്രഫ. കെ.എ സിദ്ദീഖ് ഹസൻ സാഹിബിന്റെ കുറിപ്പ് (ലക്കം 42) വിവാഹമാമാങ്കത്തിനു വേണ്ടി ലക്ഷങ്ങൾ തുലക്കുന്ന നമ്മെ ഇരുത്തിച്ചിന്തിപ്പിക്കാൻ പര്യാപ്തമാണ്. 'പതിനായിരം രൂപകൊണ്ട് രണ്ട് ജോഡികളുടെ വിവാഹം നടത്തുമ്പോൾ ഉപജീവനത്തിനായി ഒരു ആടോ പശുവോ കൂടി ആ കുടുംബത്തിലെത്തുന്നു' എന്ന അറിവ് വിവാഹകാര്യത്തിൽ നാം അനുവർത്തിച്ചുവരുന്ന ധൂർത്തിന്റെയും ദുർവ്യയത്തിന്റെയും പൊങ്ങച്ചത്തിന്റെയും ആഴവും പരപ്പും വ്യക്തമാക്കിത്തരുന്നു.

ഗൾഫിൽ കൂടെ ജോലിചെയ്യുന്ന ഉത്തർപ്രദേശിൽനിന്നുള്ള ഗ്രാമീണരായ മുസ്‌ലിം സഹോദരങ്ങൾ, തങ്ങളുടെ വിവാഹങ്ങൾ വളരെ ലളിതമായാണ് നടത്തുന്നതെന്ന് പറയുകയുണ്ടായി. ഒരു മോട്ടോർ സൈക്കിളോ ഏതാനും പാത്രങ്ങളോ ആണ് വധുവിന്റെ വീട്ടുകാർ വരന്റെ വീട്ടുകാർക്ക് നൽകുന്നത്. കേരളത്തിലെ വിവാഹധൂർത്തിനെക്കുറിച്ചും മറ്റും മനസ്സിലാക്കിയ അവർ, സാക്ഷരതയിൽ മുന്നിൽ നിൽക്കുന്നവർ ആത്മഹത്യയിലും മുൻപന്തിയിൽ നിൽക്കുന്ന വൈരുധ്യത്തെ പരിഹസിക്കുകയും ചെയ്തു.

വിവാഹം പോലെ ലളിതമാണ് ബീഹാറിലെ ഗ്രാമങ്ങളിലെ വീടുനിർമാണവും. സോളിഡാരിറ്റിയുടെ പ്രഥമ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് *പ്രബോധനം* ലേഖകൻ തന്റെ ബീഹാർ യാത്രാനുഭവക്കുറിപ്പിൽ കോറിയിട്ടത് ഇതോടൊപ്പം ചേർത്തുവായിക്കേണ്ടതാണ്. "കിഷൻഗഞ്ചിലെ ഊടുവഴികളിലൂടെ നടന്നപ്പോൾ ദാരിദ്ര്യത്തിന്റെ ദൈന്യത എത്ര കടുത്തതാണെന്ന് ബോധ്യപ്പെട്ടു. പാലക്കാട് ഇരുപത്തയ്യായിരം രൂപക്ക് സോളിഡാരിറ്റി പാവങ്ങൾക്ക് വീട് നിർമിച്ചുകൊടുക്കുന്നു എന്നു കേട്ടപ്പോൾ, അത്രയും സംഖ്യക്ക് വീടോ എന്ന് അത്ഭുതംകൂറിയവർ ഏറെയാണ്. ബീഹാറിൽ പലരുടെയും വീടു നിർമാണ ച്ചെലവ് 1500–2000 രൂപ മാത്രം. മിക്ക വീടുകളും ഓടകൊണ്ടാണ്. ചുമരുകളും മേൽക്കൂരയും ഓട കൊണ്ടുള്ള പരമ്പ്. മുകളിൽ പുല്ലു മേഞ്ഞിരിക്കുന്നു" (*പ്രബോധനം*, 2005 ജൂൺ 11).

അനേകം ലക്ഷങ്ങൾ ചെലവഴിച്ച് മണിമാളികകൾ പണിതും മക്കളുടെ വിവാഹങ്ങൾ ആവശ്യത്തിലധികം തുക ചെലവഴിച്ച് നടത്തിയും മനഃസാക്ഷിക്കുത്ത് അനുഭവിക്കുന്നവർ, ബീഹാർ പോലുള്ള സംസ്ഥാനങ്ങളിലെ പാവപ്പെട്ടവർക്ക് 'വിഷൻ 2016' പോലുള്ള സംരംഭങ്ങളിലൂടെ വീടോ കുടിലോ നിർമിച്ചുകൊടുക്കാൻ മുന്നോട്ടുവരികയാണെങ്കിൽ അവിടങ്ങളിലെ വീടില്ലാത്ത എത്രയോ പേർക്ക് മഴയും വെയിലും കൊള്ളാതെ പാർക്കാൻ കഴിഞ്ഞേനെ.

**അബൂഹബീബ് വരോട്**
**ഒറ്റപ്പാലം**

# കല തകർക്കേണ്ട ജീവിതങ്ങൾ

**'കല** ജീവിതത്തെ തൊടുന്നതി'നെ പറ്റിയുള്ള മുഹമ്മദ് ശമീമിന്റെ നിരീക്ഷണങ്ങൾ (ലക്കം 39,40) കാലികവും ശ്രദ്ധേയവുമാണ്. അതുകൊണ്ടുതന്നെ ഇത് ഒരു വിയോജനക്കുറിപ്പാണെന്ന് പറയാവതല്ല. എന്നാൽ ഊന്നലുകളിൽ ചില ഇളക്കി പ്രതിഷ്ഠകൾ വേണ്ടതില്ലേ എന്ന സന്ദേഹവുമുണ്ട്. സ്ത്രീയുടെ കവിൾ, കൈകാലുകൾ തുടങ്ങിയവ വർണിച്ച് പാട്ട് രചിക്കുന്നതോ, സംഗീതോപകരണങ്ങൾ ഉപയോഗിച്ചോ അല്ലാതെയോ പാടുന്നതോ സ്വന്തംനിലക്ക് നിഷിദ്ധമല്ലെന്ന് ഇമാം ഗസ്സാലി പറയുന്നത് ഇസ്‌ലാമിക വ്യവസ്ഥിതി പൂത്തുലഞ്ഞ ഒരു കാലഘട്ടത്തിലായിരുന്നു (അപ്പോഴും ശ്രോതാവ് തനിക്ക് നിഷിദ്ധയായ സ്ത്രീയെ സങ്കൽപിക്കരുതെന്നും വികാരനിയന്ത്രണശീലമില്ലാത്തവർ ഇത്തരം പാട്ട് കേൾക്കരുതെന്നും ഇമാം നിബന്ധനവെക്കുന്നു).

നമ്മെ സംബന്ധിച്ചേടത്തോളം മുന്നിൽ ഒരു 'ജാഹിലിയ്യാ' സമൂഹമുണ്ട് (ലക്ഷ്യബോധജ്ഞാനമില്ലാത്ത സമൂഹം). ആ സമൂഹത്തിന് അവരുടേതായ ഒരു 'കല'യും 'സംസ്കാര'വും 'സാഹിത്യ'വുമുണ്ട്. അതുകൊണ്ടുതന്നെ നടപ്പു കലാശീലങ്ങളെ വെള്ളപൂശിയാൽ അവ ഇസ്‌ലാമികമാവില്ല (എല്ലാവരും 'ആടുന്ന' ഒരു സമൂഹത്തിൽ നിങ്ങളും ആടേണ്ടതില്ലായെന്ന് എം.എൻ വിജയൻ നിരീക്ഷിച്ചത് എല്ലുറപ്പുള്ള പ്രത്യയശാസ്ത്രങ്ങളെ പോലും മുതലാളിത്തം സ്വാധീനിക്കുന്ന ദുരന്തം കണ്ടതുകൊണ്ടായിരുന്നു). ജീവഗന്ധിയായ ഒരു ദർശനവും പദ്ധതിയുമെന്ന നിലയിൽ ഇസ്‌ലാമിന് ഒരു സൗന്ദര്യശാസ്ത്രം ഉണ്ടെന്നത് ശരിയാണ്. അതുപോലെ തന്നെയാണ് അതിന്റെ മൂല്യവിചാരം ഉൾക്കൊള്ളുന്ന ധർമവിശുദ്ധിയും. അഥവാ ഇസ്‌ലാമിന്റെ അസ്തിവാരമായ തൗഹീദ് നിഴലിക്കാത്ത കലയും സാഹിത്യവും അതിർത്തിക്കപ്പുറത്താണ്. അവയെ മുച്ചൂടും പിഴുതുമാറ്റി വേണം നമുക്ക് 'ആദർശാധിഷ്ഠിത കല'യെ പുനഃസംരചിക്കാൻ. അങ്ങനെയാവുമ്പോൾ നമ്മുടെ തത്ത്വവിചാരങ്ങളും പ്രായോഗിക ക്രമങ്ങളും ഊന്നേണ്ടത് വിശുദ്ധ വേദഗ്രന്ഥത്തിന്റെ വെളിച്ചത്തിലാവണം. അവയുടെ കൃത്യമായ ദിശാ നിർണയത്തിനപ്പുറം ജാഹിലിയ്യത്താണെന്ന തിരിച്ചറിവും നമ്മെ നയിക്കണം. ആ ജാഹിലിയ്യത്തുകളെ തകർക്കലാവണം ഇസ്‌ലാമികകലയുടെ പ്രഥമ ദൗത്യം.

ഇസ്‌ലാം ഒരേകകമാണെന്നു പറഞ്ഞു. അതിൽനിന്നും എന്തും അടർത്തുമ്പോൾ 'കാതൽ'വിസ്മരിക്കാവതല്ല (വൃത്തി ഈമാനിന്റെ പകുതിയാണെന്നും മതനിഷ്ഠയുള്ള ഇണ ദീനിന്റെ മൂന്നിലൊന്നാണെന്നും കേട്ട് പണ്ടൊരാൾ നന്നായി മെയ്ക്കപ്പ് ചെയ്ത് നല്ലൊരു സ്ത്രീയെ വിവാഹവും ചെയ്ത് ദീൻ 'പൂർത്തിയാക്കി'യത്രെ!). കലയുടെ കാര്യത്തിൽ ഇങ്ങനെയുള്ള ഒരു പൂർത്തീകരണത്തിന് ചിലരെങ്കിലും ധൃതിപ്പെടുന്നുണ്ട്. ഇസ്‌ലാമിക കലാലയങ്ങളുടെ ഉത്സവങ്ങൾക്കു പോലും സ്വൽപം 'മെരുക്കപ്പെട്ട' ജാഹിലിയ്യാ കലകളാണ് അരങ്ങേറുന്നതെന്ന കാര്യം മറച്ചുവെക്കാതെ തുറന്നു ചർച്ച ചെയ്യേണ്ടതുണ്ട്. എന്നിട്ടാവട്ടെ സിനിമകളുടെ ഊഴം.

**ഫാറൂഖ് ഉസ്മാൻ കുഞ്ഞിമംഗലം**

# ഡാർവിൻ സിദ്ധാന്ത പരിണാമം

**'ഡാർവിനിസം'** എന്ന ശാസ്ത്രീയ നിഗമനം പേര് സൂചിപ്പിക്കുന്നതുപോലെതന്നെ ഒരു 'ഇസ'മായി വളർത്തപ്പെട്ടിരിക്കുന്നു. മറ്റൊരു മഹാ കണ്ടുപിടിത്തവും ഒരു മതമായി മാറുന്നില്ല. ന്യൂട്ടണിസമെന്നോ ഐൻസ്റ്റീനിസമെന്നോ ഗലീലിയോയിസമെന്നോ കേട്ട് പരിചയിച്ചിട്ടില്ല. ആരാണീ ഡാർവിനിസത്തിന്റെ പ്രായോജകർ, എന്താണിതിന്റെ പ്രചോദനം തുടങ്ങിയ ചോദ്യങ്ങൾ പ്രസക്തമാണ്. 'പരിണാമസിദ്ധാന്തം' മുന്നോട്ടുവെക്കുന്നത് ഒരുതരം 'മർക്കടമുഷ്ടി' മാത്രമാണ്. ഖുർആൻ സൂചിപ്പിച്ച, ദൈവനിന്ദക്ക് പാത്രമായി, നിന്ദ്യരായി, കുരങ്ങുകളായിത്തീർന്നവരെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്. കാഴ്ചക്കപ്പുറത്ത് നിന്ന് കിട്ടേണ്ട വെള്ളിവെളിച്ചത്തെ കാഴ്ചപ്പുറത്ത് അന്വേഷിക്കുന്ന വിടുവേലയാണത്. തന്റെ നൂറ്റാണ്ടിലെ പൗരോഹിത്യ മതങ്ങൾക്കിടയിലമർന്ന സാധാരണ ജനം, അവയെ അടിക്കാനുള്ള ഒരു മാന്ത്രിക വടിയായി ഈ സിദ്ധാന്തത്തെ കരുതിയെങ്കിൽ ശരി. അത്ര പ്രസക്തിയേ അതിനുള്ളൂ. തെളിഞ്ഞ ബുദ്ധിക്ക് മുന്നിൽ അതെപ്പോഴും പരാജയമാണ്. മൂസായുടെ വടിക്ക് മുന്നിൽ തോറ്റ മായാ ജാലക്കാരുടെ ചില്ല പോലെ. എന്നിട്ടും ഈ കരിങ്കുരങ്ങുരസായനം പിടിച്ചുനിൽക്കുന്നത് ആലോചനാശേഷി മറ്റാർക്കോ പതിച്ചു നൽകിയ നമ്മുടെ ബുദ്ധിശൂന്യതയുടെ ബലത്തിലാണ്. ഖുർആൻ പറഞ്ഞതുപോലെ ആലോചിക്കുന്നവർക്ക് ഇതിൽ തീർച്ചയായും പഠിക്കാനേറെയുണ്ട്.

**അബൂ നജാ**
**ഗവ. ബ്രണ്ണൻ കോളേജ്, തലശ്ശേരി**

# മുജാഹിദ് – ജമാഅത്ത് ബന്ധം മെച്ചപ്പെടുത്താൻ

**1.** മുജാഹിദ് പ്രസിദ്ധീകരണങ്ങളിൽ കാണുന്ന ജമാഅത്ത് ആദർശത്തോട് പൊരുത്തപ്പെടുന്ന ഭാഗങ്ങൾ *വിചിന്തനം, ശബാബ്, അൽമനാർ* തുടങ്ങിയവയിൽ പുനഃപ്രസിദ്ധീകരിക്കുക. പഴയകാല മുജാഹിദ് പണ്ഡിതന്മാരുടെ കാഴ്ചപ്പാടുകൾ പുതയ തലമുറകൾക്ക് മനസ്സിലാക്കാൻ ഇത് ഉപകരിക്കും. ഉദാ: ഒന്ന്, "ഇസ്‌ലാം ഏതു ദിവസം ദീൻ (മതം) ആയോ അന്നുതന്നെ സിയാസത്തും (രാഷ്ട്രവും) കൂടിയായിരുന്നു. അതിന്റെ മിമ്പർ അതിന്റെ സിംഹാസനവും അതിന്റെ പള്ളി അതിന്റെ കോടതിയും അതിന്റെ തൗഹീദ് നംറൂദ്, ഫിർഔൻ, ഖൈസർ, കിസ്‌റാ മുതലായവരുടെ സാമ്രാജ്യത്വം നശിപ്പിക്കുന്നതിനുള്ള സന്ദേശവും" (*അൽമുർശിദ്* ജിൽദ് 3, ലക്കം 11, പേജ് 405).

രണ്ട്, "സാക്ഷാൽ ദൈവം അവർ തെരഞ്ഞെടുത്ത ദൂതന്മാർ മുഖേന മനുഷ്യന് അവതരിപ്പിച്ചു കൊടുത്തതാണ്- അതായത് മതത്തിലധിഷ്ഠിതമായ ഒരു രാഷ്ട്രീയ വ്യവസ്ഥിതി" (*അൽമനാർ* പു: 14, വാല്യം 12, പേജ് 325).

മൂന്ന്, "മതം രാഷ്ട്രമാണ്. ഭൗതികവും ആത്മീയവും ഒത്തുചേർന്നുള്ള ഒരു രാഷ്ട്രമാണ് ഇസ്‌ലാം എന്ന് മനസ്സിലാക്കണം" (*അൽമുർശിദ്* 3, ഭാഗം 84).

നാല്, "ലോകത്തെ അങ്ങനെ തന്നെ കീഴ്പ്പെടുത്തി അതിൽ ദൈവരാജ്യം സ്ഥാപിക്കാനുള്ള ഏറ്റവും വമ്പിച്ച ഒരു അഭൗതിക ഉപകരണമാണ് 'ലാഇലാഹ ഇല്ലല്ലാഹ്' എന്നാണല്ലോ ഈ വിശുദ്ധ വാക്യത്തിൽനിന്നു ഗ്രഹിക്കാവുന്നത്" (*അത്തൗഹീദ്*, പേജ് 7,8. മുജാഹിദീൻ പബ്ലിക്കേഷൻസ്).

അഞ്ച്, "അല്ലാഹുവിന്റെ പ്രാതിനിധ്യം സ്ഥാപിക്കണം. അതായത് അല്ലാഹുവിന്റെ നിയമങ്ങളെ നടത്തുന്നതിനുള്ള അധികാരം നാം കൈവരുത്തണം. നാം ഇതര മതസ്ഥരുടെ അടിമകളോ ആജ്ഞാനുവർത്തികളോ ആയിരിക്കുന്നതിനു ഇസ്‌ലാം അനുവദിക്കുന്നില്ല" (*അൽമുർശിദ്* ലക്കം 12, പേജ് 49).

ആറ്, "മനുഷ്യന്റെ ഭൗതിക കാര്യങ്ങളിൽ നിയമനിർമാണം നടത്താൻ ഒരുത്തനവകാശമുണ്ടെന്ന് ഒരാൾ വിശ്വസിച്ചാൽ അവർ അല്ലാഹു അല്ലാത്തവർക്ക് ഇബാദത്ത് ചെയ്യുകയും വ്യക്തമായ ശിർക്കിൽ അകപ്പെടുകയും ചെയ്തതുതന്നെ" (*അൽമനാർ* 1988 സെപ്റ്റംബർ).

2. മൗലാനാ മൗദൂദിയെപറ്റി ആദ്യകാലത്തെ മുജാഹിദ് മുഖപത്രത്തിൽ പ്രസിദ്ധീകരിച്ചത് പുതിയ തലമുറയുടെ അറിവിന്നായി പുനഃപ്രസിദ്ധീകരിക്കുക. ലോകപ്രശസ്ത ചിന്തകനും *തഫ്ഹീമുൽ ഖുർആന്റെ* രചയിതാവുമായ മൗലാനാ മൗദൂദിയോടുള്ള അന്ധമായ എതിർപ്പ് കുറയാൻ ഇത് ഉപകരിക്കും. ഒരു ഉദാഹരണം; "അത്യന്തം പ്രയാസകരവും സങ്കീർണവുമായ ഈ പ്രതിസന്ധിഘട്ടത്തിൽ സത്യസന്ധനും ദൃഢവിശ്വാസിയും വിവേകശാലിയും ഏകാത്മക ദേശീയവാദത്തിലെ വിപത്തുകളെക്കുറിച്ച് ശരിക്കും ബോധവാനുമായ ഒരു മനുഷ്യനെ നമ്മുടെ നാട്ടിൽനിന്നും നമുക്കായി എഴുന്നേൽപിച്ചുതന്ന അല്ലാഹുവിനു നന്ദി പറയുന്നു. സയ്യിദ് അബുൽ അഅ്‌ലാ എന്നാണദ്ദേഹത്തിന്റെ പേര്. *തർജുമാനുൽ ഖുർആൻ* മാസിക, *മുസൽമാൻ ഔർ മൗജൂദ് സിയാസീ കശ്മകശ്* എന്നീ ഗ്രന്ഥം പ്രസിദ്ധീകരിക്കുക വഴി ഇസ്‌ലാമിന്റെ മാർഗത്തിൽ സമരം ചെയ്യാൻ അല്ലാഹു അദ്ദേഹത്തെ അനുഗ്രഹിച്ചിരിക്കുന്നു" (*അൽമുർശിദ്*, 1938 ഡിസംബർ).

3. ഇരുസംഘടനകളുടെയും സംസ്ഥാന ആസ്ഥാനമായ കോഴിക്കോട് പട്ടണത്തിലെ പാളയം മുഹ്‌യിദ്ദീൻ പള്ളിയിലും പട്ടാളപള്ളിയിലും ജമാഅത്തെ ഇസ്‌ലാമിയുടെ മുൻ അമീർമാരായ വി.പി മുഹമ്മദലി ഹാജിയും കെ.സി അബ്ദുല്ല മൗലവിയും ഖുത്ബകൾ നിർവഹിച്ചിരുന്നത് പോലെയുള്ള സഹകരണം തുടരാൻ ശ്രമങ്ങൾ നടത്തുക. മുൻ മുജാഹിദ് നേതാക്കളായിരുന്ന എ.കെ അബ്ദുല്ലത്വീഫ് മൗലവി, സി.പി അബൂബക്കർ മൗലവി തുടങ്ങിയവരുടെ സഹകരണാത്മക ബന്ധം പുതിയ തലമുറക്ക് പരിചയപ്പെടുത്തുക.

4. ജമാഅത്തെ ഇസ്‌ലാമി ആസ്ഥാനമായ ഹിറാ സെന്റർ മുജാഹിദ് നേതാക്കളും മർക്കസുദ്ദഅ്‌വയും മുജാഹിദ് സെന്ററും ജമാഅത്ത് നേതാക്കളും സന്ദർശിച്ച് ഐക്യസന്ദേശം കൈമാറുക.

5. മറ്റു രാഷ്ട്രീയ പ്രസ്ഥാനങ്ങളോട് മുജാഹിദുകൾ സ്വീകരിക്കുന്ന സമീപനം ജമാഅത്തിന്റെ നിയന്ത്രണത്തിൽ രൂപീകരിക്കാൻ പോകുന്ന രാഷ്ട്രീയ പ്രസ്ഥാനത്തോടും സ്വീകരിക്കുക.

6. മുസ്‌ലിം ലീഗിൽ ചേരലും കോൺഗ്രസ്സിനെ എതിർക്കലും വാജിബും ഫർളുമാണെന്ന കേരള ജംഇയ്യത്തുൽ ഉലമ മുൻ മുഖപത്രത്തിലെ എഡിറ്റോറിയൽ തിരുത്തിയതായി അണികളെ അറിയിക്കുക (*അൽമുർശിദ്* ജിൽദ് 3, ലക്കം 11, പേജ് 435, 436, 438, 480 മാർച്ച് 1938).

7. ജമാഅത്തെ ഇസ്‌ലാമിക്ക് ശീഈസത്തിന്റെ രഹസ്യ അജണ്ടയാണുള്ളത് എന്നു എഴുതുമ്പോൾ മുജാഹിദ് പ്രസ്ഥാനത്തിന്റെ മുൻ തീരുമാനം കൂടി പരിശോധിക്കാൻ സന്മനസ്സ് കാണിക്കുക. ഉദാഹരണത്തിന്, 1947 മാർച്ചിൽ പാസ്സാക്കിയ ജംഇയ്യത്തുൽ ഉലമാ വാർഷിക പൊതുയോഗത്തിലെ പ്രമേയം. മതാധിഷ്ഠിത രാഷ്ട്രവാദത്തിനു നേതൃത്വം കൊടുത്ത ശീഇയായ മുഹമ്മദലി ജിന്നയിൽ പരിപൂർണ വിശ്വാസം രേഖപ്പെടുത്തിയും അദ്ദേഹത്തിന്റെ ദീർഘായുസ്സിനു പ്രാർഥിച്ചുകൊണ്ടും പാസ്സാക്കിയ പ്രമേയം (1947 മാർച്ച്).

8. സാൽവേഷൻ എക്സിബിഷനിൽ മൗലാനാ മൗദൂദിയുടെ *തഫ്ഹീമുൽ ഖുർആന്റെ* ഹിന്ദി, ബംഗാളി, തമിഴ്, കന്നട തുടങ്ങിയ പരിഭാഷകൾ പ്രദർശനത്തിനുവെച്ചതുപോലെ മലയാളം, ഉർദു പരിഭാഷകളും പരിചയപ്പെടുത്തുക.

9. ഗൾഫ് രാജ്യങ്ങളിലും പാകിസ്താനിലും ഇഖ്‌വാനുൽ മുസ്‌ലിമൂനും സലഫികളും ജമാഅത്തുകാരും ഒരുമിച്ച് ഒരു മുന്നണിയായി പ്രവർത്തിക്കുന്നതു പോലെ കേരളത്തിലും ആ മാതൃക തുടരാൻ അനുകൂലമായ സാഹചര്യം ഒരുക്കുക.

ഈ വിഷയങ്ങൾ ചർച്ചചെയ്യാനും സഹകരണത്തിന്റെ വശങ്ങൾ കണ്ടെത്താനും ഇരു നേതൃത്വങ്ങളും മുന്നോട്ടുവരുമെന്ന് പ്രതീക്ഷിക്കുന്നു. (ഇതിന്റെ കോപ്പി *വിചിന്തന*ത്തിനും *ശാബാബി*നും അയച്ചുകൊടുത്തിട്ടുണ്ട്).

**അഹ്മദ്**
**കക്കാട്, കാരശ്ശേരി**

# പാകിസ്താൻ അടുത്ത ഇര

**അമേരിക്കൻ** സാമ്രാജ്യത്വത്തിന്റെ അടുത്ത ഇര പാകിസ്താനാണെന്ന് ഏതാണ്ട് ഉറപ്പായിക്കഴിഞ്ഞു. ഈ ഇരയെ വിഴുങ്ങാൻ മൊസാദും സി.ഐ.എയും രംഗത്തിറങ്ങിയിട്ടുണ്ട്. ഇതിന്റെ അടയാളങ്ങളാണ് പാകിസ്താനിൽ പലയിടങ്ങളിലായി നടക്കുന്ന സ്ഫോടനങ്ങൾ. താലിബാനെ തുരത്താൻ പാകിസ്താന്റെ ചില ഭാഗങ്ങളിൽ അമേരിക്കൻ സൈനികർ ബോംബ്-മിസൈൽ വർഷവും നടത്തിക്കൊണ്ടിരിക്കുന്നു. താലിബാന്റെ മറവിൽ എന്ത് അക്രമവും ആർക്കും എപ്പോഴും നടത്താമെന്ന സ്ഥിതിയാണ്. പാകിസ്താൻ ആഗോളഭീകരതയുടെ കേന്ദ്രമാണെന്ന് സാമ്രാജ്യത്വ നേതാക്കൾ പറയുന്നു. ഇനി അതിനെ നശിപ്പിക്കുക. അത് ആരെ കൂട്ടുപിടിച്ചും ഏതു രൂപത്തിലും നടത്താൻ അവർ ശ്രമിക്കും. പാകിസ്താന്റെയും ഇറാന്റെയും ആണവ പരീക്ഷണ വിജയങ്ങൾ അമേരിക്കൻ-ഇസ്രയേൽ കൂട്ടുകെട്ടിനെ അസ്വാരസ്യപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഏതു വിധേനയും പാകിസ്താനെയും ഇറാനെയും നശിപ്പിക്കാനാണ് ഇവർ ശ്രമിക്കുന്നത്.

**മലിക് മുടിക്കൽ**